## മറഞ്ഞിരിക്കുന്ന ജീവിതം നയിക്കുന്നതിൽ കർത്താവിന്റെ മാതൃക

**I. കർത്താവ് സ്വകാര്യമായി പ്രാർഥിക്കുവാൻ മലയിലേക്ക് കയറിപ്പോയ കാര്യത്തിൽ മറഞ്ഞിരിക്കുന്ന ഒരു ജീവിതം ജീവിച്ചതിന്റെ മാതൃകയിൽനിന്ന് നാം പഠിക്കേണ്ടതാവശ്യമാണ്**

- ➢ കർത്താവ് താൻ ചെയ്ത അത്ഭുതത്തിന്റെ ഫലത്തിൽ തന്നെ പുരുഷാരത്തോടുകൂടെ തങ്ങിയില്ല, എന്നാൽ മലമുകളിൽ പിതാവിനോടുള്ള പ്രാർഥനയിലായിരിക്കുവാൻ അവൻ സ്വകാര്യമായി അവരിൽനിന്ന് ദൂരേക്കുപോയി
  - പിതാവിനോട് സ്വകാര്യമായി പ്രാർഥിക്കുവാൻ കൂടുതൽ സമയം ഉണ്ടായിരിക്കേണ്ടതിന്, തന്നെ വിട്ടുപോകുവാൻ കർത്താവ് ശിഷ്യന്മാരെ നിർബന്ധിച്ചു
- ➢ നാം മൂന്ന് പദപ്രയോഗങ്ങൾ അമൂല്യമായി കരുതണം—പിതാവിനോടുകൂടെയായിരിക്കുവാൻ, മലയിൽ, പ്രാർഥനയിൽ
  - നാം പ്രാർഥിക്കുമ്പോൾ സ്വകാര്യമായി വാതിൽ അടച്ച് രഹസ്യത്തിൽ കാണുന്ന പിതാവിനോട് പ്രാർഥിക്കണം.

## രാജ്യ ജനത്തിന്റെ തത്ത്വം—മറഞ്ഞിരിക്കുന്ന ഒരു ജീവിതം നയിക്കുക

**II. കൊടുക്കുക, പ്രാർഥിക്കുക, ഉപവസിക്കുകതുടങ്ങിയ പ്രവൃത്തികളിൽ മനുഷ്യരുടെ മുമ്പിൽ തങ്ങളുടെ നീതിപ്രവൃത്തികൾ ചെയ്യാതെ, മറഞ്ഞിരിക്കുന്ന ഒരു ജീവിതം നയിക്കുക എന്നതാണ് രാജ്യജനത്തിന്റെ തത്ത്വം**

- ➢ നമ്മുടെ പിതാവ് രഹസ്യത്തിലാണ്, അവൻ രഹസ്യത്തിൽ കാണുന്നു; സ്വർഗീയ പിതാവിന്റെ മക്കളായ രാജ്യജനം പിതാവിന്റെ രഹസ്യത്തിലുള്ളതും മറഞ്ഞിരിക്കുന്നതുമായ സാന്നിധ്യത്തിനുവേണ്ടി കരുതണം.
- ➢ രാജ്യജനം എല്ലാ കാര്യങ്ങളും അവരുടെ സ്വർഗീയ പിതാവിനെ പ്രസാദത്തിനുവേണ്ടി ആത്മാവിൽ ചെയ്യണം
- ➢ നമ്മുടെ നീതിപ്രവൃത്തികൾ രഹസ്യമായി ചെയ്യുന്നതിന്റെ ഫലം ജഡവും സ്വയവും കൊല്ലപ്പെടുന്നു എന്നതാണ്
- ➢ പരസ്യമായി വളരുന്ന വിശുദ്ധന്മാർ ആരോഗ്യകരമായ രീതിയിൽ വളരുന്നില്ല; നമുക്കെല്ലാവർക്കും ജീവനിൽ ചില രഹസ്യ വളർച്ച, ചില രഹസ്യ ക്രിസ്താനുഭവങ്ങൾ ആവശ്യമാണ്
- ➢ നമ്മുടെ നീതിപ്രവൃത്തികളിൽ നമ്മെത്തന്നെ നാം പ്രദർശിപ്പിക്കുന്ന ഏതു സമയത്തും നാം ആരോഗ്യമുള്ളവരല്ല; അങ്ങനെയുള്ള ഒരു പ്രദർശനം ജീവനിലുള്ള നമ്മുടെ വളർച്ചയെ വളരെയധികം തടസ്സപ്പെടുത്തുന്നു
- ➢ നമ്മുടെ മനുഷ്യജീവിതം ഒരു പ്രദർശനം, ഒരു പൊതുപ്രദർശനം നടത്തുവാൻ ഇഷ്ടപ്പെടുന്നു, എന്നാൽ ദൈവത്തിന്റെ ജീവൻ എപ്പോഴും മറഞ്ഞിരിക്കുന്നു
- ➢ ദിവ്യ ജീവനിൽ മാത്രമേ, ഒരു പ്രദർശനം നടത്തുന്നത് ആസ്വദിക്കാത്ത ജീവനിൽ മാത്രമേ മറഞ്ഞിരിക്കുന്ന ജീവിതം നയിക്കുവാൻ സാധിക്കുകയുള്ളൂ

## ദൈവം മറഞ്ഞിരിക്കുന്ന ദൈവം ആണ്

**III. "യിസ്രായേലിന്റെ ദൈവവും രക്ഷിതാവും ആയുള്ളോവേ നീ മറഞ്ഞിരിക്കുന്ന ദൈവം ആകുന്നു സത്യം"**

- ➢ ദൈവത്തെ സർവശക്തനായും, നീതിമാനായും, കൃപയും മനസ്സലിവും നിറഞ്ഞവനായും വിശ്വാസികൾ അറിയുന്നുവെങ്കിലും, തന്നെത്തന്നെ മറയ്ക്കുന്നവനെന്ന നിലയിൽ അവൻ അവർക്ക് അറിയപ്പെടാത്തവനാകുന്നു
- ➢ ദൈവം മറഞ്ഞിരിക്കുവാൻ ഇഷ്ടപ്പെടുന്നു, എന്നാൽ നാം പ്രദർശിപ്പിക്കുവാൻ ഇഷ്ടപ്പെടുന്നു; ദൈവം ബാഹ്യപ്രകടനങ്ങൾ കൊതിക്കുന്നില്ല, എന്നാൽ നമുക്ക് അവയെ കൂടാതെ തൃപ്തരായിരിക്കുവാൻ കഴിയില്ല
  - പുതിയനിയമ യുഗത്തിലേക്ക് ദൈവം തന്റെ ജനത്തോട് ഇടിമുഴക്കത്തിലൂടെയല്ലാതെ സാവധാനത്തിലും മൃദുസ്വരത്തിലും സംസാരിക്കുന്നു
- ➢ ആഡംബരം ഇഷ്ടപ്പെടാത്ത വിധത്തിലുള്ള സ്വഭാവം ദൈവത്തിനുണ്ടെന്ന് തിരുവെഴുത്തുകൾ വെളിപ്പെടുത്തുന്നു; പരസ്യമായി പ്രവർത്തിക്കുന്നതിനെക്കാൾ രഹസ്യമായി പ്രവർത്തിക്കുവാൻ ദൈവം ഇഷ്ടപ്പെടുന്നു
  - ക്രിസ്തു കേന്ദ്രീയതയും സാർവത്രികതയുമായിരിക്കുന്ന ദൈവത്തിന്റെ വ്യവസ്ഥയെ സംബന്ധിച്ച സകലതും ദൃശ്യമായ മണ്ഡലത്തിലല്ല, അദൃശ്യമായ അന്തരീക്ഷത്തിലും വിശ്വാസത്തിന്റെ മണ്ഡലത്തിലുമാണുള്ളത്

## ആഴത്തിൽ നിന്നല്ലാത്ത യാതൊന്നും ഒരിക്കലും മറ്റുള്ളവരുടെ ആഴങ്ങളിൽ എത്തുകയില്ല

**IV. സങ്കീർത്തനം 42:7 പറയുന്നു: "ആഴി ആഴിയെ വിളിക്കുന്നു"**

- ➢ നമ്മുടെ ഉള്ളിൽ ആഴത്തിൽനിന്ന് വരുന്നതിനോട് മാത്രമേ മറ്റുള്ളവർക്ക് ആഴത്തിൽ പ്രതികരിക്കുവാൻ കഴിയുകയുള്ളൂ; ആഴത്തിൽ നിന്നല്ലാത്ത യാതൊന്നും ഒരിക്കലും മറ്റുള്ളവരുടെ ആഴങ്ങളിൽ എത്തുകയില്ല
- ➢ രാജ്യജീവിതം ആഴങ്ങളിലുള്ള ഒരു ജീവിതമാണ്, അത് "താഴെ വേരൂന്നി മീതെ ഫലം കായ്ക്കുവാൻ" കഴിയുന്ന ജീവിതമാണ്
- ➢ ക്രിസ്തുവിനെ ആഗിരണം ചെയ്യുവാൻ നാം സമയമെടുക്കേണ്ടതാവശ്യമാണ്
- ➢ പൗലൊസിന്റെ വേല ഉണ്ടായിരിക്കുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ നമുക്ക് പൗലൊസിന്റെ "വേര്" ഉണ്ടായിരിക്കണം; പൗലൊസിന്റെ ബാഹ്യമായ പെരുമാറ്റം നമുക്കുണ്ടായിരിക്കണമെങ്കിൽ നമുക്ക് പൗലൊസിന്റെ ആന്തരിക ജീവൻ ഉണ്ടായിരിക്കണം. പൗലൊസിന്റെ പ്രകടമായ ശക്തി നമുക്കുണ്ടായിരിക്കണമെങ്കിൽ നമുക്ക് പൗലൊസിന്റെ രഹസ്യ അനുഭവം ഉണ്ടായിരിക്കണം
- ➢ ഹോശേ. 14:5 ഞാൻ യിസ്രായേലിന്നു മഞ്ഞുപോലെയിരിക്കും; അവൻ താമരപോലെ പൂത്തു ലെബാനോൻവനംപോലെ വേരൂന്നും
- ➢ ഉത്തമഗീതം 4:12 എന്റെ സഹോദരി, എന്റെ കാന്ത, കെട്ടി അടച്ചിരിക്കുന്ന ഒരു തോട്ടം, അടച്ചിരിക്കുന്ന ഒരു നീരുറവ്, മുദ്രയിട്ടിരിക്കുന്ന ഒരു കിണറ്